3653
18/2/17

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോഴിക്കോട് ജില്ലയിലെ പുതുപ്പാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ശ്രീ. എ.എൻ. അഭിലാഷിന് സ്ഥലംമാറ്റം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച നിവേദനം തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.405/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 13.02.2017

==========================================================================

പരാമർശം:
1. കോഴിക്കോട് ജില്ലയിലെ പുതുപ്പാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ശ്രീ. എ.എൻ. അഭിലാഷ് സമർപ്പിച്ച 12.02.2016-ലെ നിവേദനം (Annexure-18)
2. ശ്രീ. എ.എൻ. അഭിലാഷ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ സമർപ്പിച്ച ഒ.എ (ഇകെഎം) നം.507/2016 നമ്പർ കേസിലെ 22.11.2016-ലെ വിധിന്യായം
3. പഞ്ചായത്ത് ഡയറക്ടറുടെ ഇ 1-10709/2016 നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ പുതുപ്പാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ശ്രീ. എ.എൻ. അഭിലാഷ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ സമർപ്പിച്ച ഒ.എ (ഇകെഎം) 507/2016 നമ്പർ കേസിൽ പരാമർശം (2) പ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിൽ പരാതിക്കാരൻ അനക്ഷർ എ-18 ആയി സമർപ്പിച്ച നിവേദനം വിധിന്യായം ലഭിച്ച് രണ്ട് മാസത്തിനുള്ളിൽ പരിശോധിച്ച് അനക്ഷർ എ-2 മുതൽ അനക്ഷർ എ-6 വരെയുള്ള ഉത്തരവുകളുടെയും, സ്ഥലംമാറ്റം സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ തീർപ്പാക്കാനാണ് ബഹു. ട്രൈബ്യൂണൽ സർക്കാരിനോട് നിർദ്ദേശിച്ചിട്ടുള്ളത്.

നിലവിൽ പുതുപ്പാടി ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി ജോലി നോക്കുന്ന തനിക്ക് നിയമപ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ടയാളിനുള്ള ആനുകൂല്യം നൽകി കുന്ദമംഗലം, കൊടുവള്ളി, ബാലുശ്ശേരി എന്നിവിടങ്ങളിലെ പെർഫോമൻസ് ആഡിറ്റ് യൂണിറ്റുകളിൽ എവിടെയെങ്കിലും സൂപ്രണ്ടായോ, നരികുനി, ചാത്തമംഗലം എന്നീ ഗ്രാമപഞ്ചായത്തുകളിൽ എവിടെയെങ്കിലും സെക്രട്ടറിയായോ സ്ഥലംമാറ്റം അനുവദിക്കണമെന്നതാണ് പരാമർശം (1) അനക്ഷർ എ-18 നിവേദനത്തിലെ ആവശ്യം. കൂടാതെ 2014-ൽ തിരുവമ്പാടി ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി മൂന്ന് വർഷം പൂർത്തിയായതിനെത്തുടർന്ന് പൊതുസ്ഥലംമാറ്റത്തിനായി നിരവധി അപേക്ഷകൾ സമർപ്പിച്ചെങ്കിലും ആയത് പരിഗണിച്ചില്ലെന്നും, അവസാനം 02.02.2016-ൽ താൻ ആവശ്യപ്പെടാത്ത പുതുപ്പാടി ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റിയത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അവർ ആവശ്യപ്പെടുന്ന സ്റ്റേഷനിലേക്ക് സ്ഥലംമാറ്റം അനുവദിക്കുന്നതിന് മുൻഗണന നൽകണമെന്ന സർക്കാർ ഉത്തരവുകളുടെ ലംഘനമാണെന്നും ടിയാൻ വ്യക്തമാക്കിയിട്ടുണ്ട്.

ഈ വിഷയത്തിൽ പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ 2003-ൽ പഞ്ചായത്ത് സെക്രട്ടറിയായി നിയമനം ലഭിച്ച ശ്രീ. അഭിലാഷ് നാളിതുവരെയും കോഴിക്കോട് ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ മാത്രമാണ് ജോലി നോക്കിയിട്ടുള്ളത്. നിലവിൽ ജോലി നോക്കുന്ന പുതുപ്പാടി ഗ്രാമപഞ്ചായത്ത് ടിയാന്റെ താമസസ്ഥലത്തു നിന്നും 19 കി.മീ. മാത്രം അകലെയാണ്. എന്നാൽ ടിയാൻ 5 മാസമായി പല ഘട്ടങ്ങളിലായി അപേക്ഷ സമർപ്പിച്ച്

അവധിയിൽ തുടരുകയും മുഴുവൻ ശമ്പള ആനുകൂല്യങ്ങളും കൈപ്പറ്റിക്കൊണ്ടിരിക്കുകയുമാണ്. പഞ്ചായത്ത് സെക്രട്ടറി പോലുള്ള ഉത്തരവാദിത്വമുള്ള തസ്തികകളിൽ ജോലി നോക്കുന്ന ടിയാന്റെ നിരുത്തരവാദപരമായ പ്രവർത്തിമൂലം പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലാണ് എന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അനക്ഷർ എ-2 മുതൽ എ-6 വരെയുള്ള ഉത്തരവുകളും, മാർഗ്ഗ നിർദ്ദേശങ്ങളും പരിശോധിച്ചതിൽ അന്തർജില്ലാ സ്ഥലംമാറ്റം സംബന്ധിച്ച നിയന്ത്രണങ്ങൾക്ക് വിധേയമായി കഴിയുന്നിടത്തോളം പട്ടികജാതി/പട്ടിക വർഗ്ഗത്തിൽപ്പെട്ടവർക്ക് അവരുടെ താമസ സ്ഥലത്തിനടുത്തോ, അവർ തെരഞ്ഞെടുത്ത ജില്ലയിലേക്കോ നിയമനം അനുവദിക്കേണ്ടതാണെന്നും ഏതെങ്കിലും കാരണത്താൽ അതിനുകഴിയാത്ത പക്ഷം ഒഴിവുണ്ടാകുന്ന മുറയ്ക്ക് അവർ ആവശ്യപ്പെടുന്ന സ്ഥലത്തേക്ക് സ്ഥലംമാറ്റം അനുവദിക്കേണ്ടതാണെന്നും വ്യവസ്ഥയുണ്ട്. കൂടാതെ സ്ഥലംമാറ്റം സംബന്ധിച്ച് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ ഒരു സ്റ്റേഷനിൽ മൂന്ന് വർഷം പൂർത്തിയാകാത്തവരെ സ്ഥലംമാറ്റത്തിന് പരിഗണിക്കേണ്ടതില്ലെന്നും ഇപ്രകാരം മൂന്ന് വർഷം പൂർത്തിയാക്കിയവരെ സ്ഥലംമാറ്റുമ്പോൾ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് പ്രഥമ പരിഗണന നൽകേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഈ കേസിൽ നിവേദകൻ സ്വന്തം ജില്ലയിൽ മാത്രമേ ഇതുവരെ ജോലിനോക്കിയിട്ടുള്ളൂവെന്നും നിലവിൽ ജോലി ചെയ്യുന്ന സ്ഥലം ടിയാന്റെ താമസ സ്ഥലത്തുനിന്നും 19 കി.മീ. മാത്രം അകലെയാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ ജോലി ചെയ്യുന്ന സ്റ്റേഷനിൽ ടിയാൻ മൂന്ന് വർഷം പൂർത്തിയാക്കിയിട്ടില്ല. കൂടാതെ നിലവിൽ ജോലി ചെയ്യുന്ന സ്റ്റേഷനിൽ ജോലി നോക്കുന്നതിന് എന്തെങ്കിലും ബുദ്ധിമുട്ട് നേരിടുന്നതായും നിവേദകൻ അറിയിച്ചിട്ടില്ല. എന്നാൽ മുമ്പ് തിരുവമ്പാടി ഗ്രാമപഞ്ചായത്തിൽ മൂന്ന് വർഷം പൂർത്തിയായി സ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിച്ചെങ്കിലും ആവശ്യപ്പെട്ട സ്ഥലത്ത് സ്ഥലംമാറ്റം അനുവദിച്ചില്ല എന്ന് പരാതിക്കാരൻ ആരോപിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പട്ടികജാതിക്കാരനാണെന്നുള്ള പരിഗണന നൽകി ശ്രീ. എ.എൻ. അഭിലാഷിന് അടുത്തു വരുന്ന ജനറൽ ട്രാൻസ്ഫറിൽ ടിയാൻ അനക്ഷർ എ 18-ൽ ആവശ്യപ്പെട്ട ഏതെങ്കിലും സ്റ്റേഷനിൽ സ്ഥലംമാറ്റം നൽകുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (2) ലെ ഉത്തരവ് ഇപ്രകാരം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
ജോയിന്റ് സെക്രട്ടറി

1. ശ്രീ. എ.എൻ. അഭിലാഷ്, സെക്രട്ടറി, പുതുപ്പാടി ഗ്രാമപഞ്ചായത്ത്.
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
5. പ്രസിഡന്റ്, പുതുപ്പാടി ഗ്രാമപഞ്ചായത്ത്
6. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ